


# ചിരാത്




# ലിറ്റിൽ കൈറ്റ്സ്

UNIT NO. LK/2018/40045

# സന്ദേശം

സി.പി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ–മാഗസിന് എന്റെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. അതോടൊപ്പം ആധുനിക യുഗത്തിൽ സ്വയം പര്യാപ്തമാകാനുള്ള കൊച്ചുകൂട്ടുകാരുടെ ശ്രമത്തെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം ,

ബിനു.ബി.എസ്

പ്രിൻസിപ്പാൾ

# സന്ദേശം

സി.പി ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ-മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. കൊച്ചുകൂട്ടുകാരുടെ പരിശ്രമം വിജയത്തിൽ എത്തട്ടെ

എന്ന പ്രതീക്ഷയോടെ ,

ഉഷാറാണി.പി.എസ്

ഹെഡ്മിസ്ട്രസ്

# EDITORIAL BOARD

**Student Editor :Lavanya .S**

**Members :Thanusha S Kumar**

**:Naveen.S**

**:Abhiram**

**:Pavithra.R.S**

**:Sreelekshmi.A.K**

**:Alsaud**

**:Munna Sudheer**

**kite Master :Santhosh.K**

**Kite Mistress :Lubaina.V.L**

# സന്ദേശം

പ്രിയമുള്ളവരേ,

കേരളസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയെജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള വിവിധ പരിപാടികൾ നടന്നുവരുകയാണല്ലോ. ഇതിനോടനുബന്ധിച്ച് രൂപീകൃതമായിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇങ്ങനെ ഒരു മാഗസിൻ തയ്യാറാക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യം ഉണ്ട്. ഇതിനു സഹായിച്ച എല്ലാവർക്കും ഈ അവസരത്തിൽ നന്ദി രേഖപെടുത്തുന്നു.

സസ്നേഹം,

ലാവണ്യ.എസ്
(സ്റ്റുഡന്റ് എഡിറ്റർ)

# താളുകളിലൂടെ

1. സ്കൂൾ ഒറ്റനോട്ടത്തിൽ..........................................................8
2. നേട്ടങ്ങൾ...............................................................................9
3. ഡിജിറ്റൽ പെയിന്റിംഗ്......................................... ..............11
4. ഡിജിറ്റൽ പെയിന്റംഗ്.........................................................12
5. പെൻസിൽ ഡ്രായിംഗ്..........................................................13
6. കേരളത്തിലെ ആദ്യ എ ഐ സ്കൂൾ.....................................14
7. ആദ്യ എ ഐ സ്കൂളിനെക്കുറിച്ച് നിങ്ങൾ അറിയേണ്ടത്.........15
8. പ്രകൃതിയുടെ ഗാനം..............................................................16
9. പ്രതീക്ഷ...............................................................................17
10. തണൽ മരങ്ങൾ...................................................................18

11. ഓർമകളുടെ കടക്കീഴിൽ.........................................19
12. ത്രശ്ശൂർ പൂരം.............................................................20
13. സ്വാതന്ത്ര്യം.............................................................21
14. കാറ്റ്.........................................................................22
15. ഓർമയിലെ വിദ്യാലയം..........................................23
16. ഞാൻ.......................................................................24
17. സൗഹൃദം.................................................................25
18. നിലതെറ്റുന്ന ലോകം..............................................26
19. നന്ദി.........................................................................27

## സ്കൂൾ ഒറ്റനോട്ടത്തിൽ

കൊല്ലം ജില്ലയിൽ കടയ്ക്കൽ പഞ്ചായത്തിൽ കുറ്റിക്കാട് ഗ്രാമത്തിൽ ഏകദേശം മൂന്ന് ഏക്കർ സ്ഥലത്ത്
K dis 26100 / 76 / B1/3/12/1976 എന്ന ഉത്തരവ് പ്രകാരം 1976 ജൂൺ 1 ആണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത് . ഈ വിദ്യാലയത്തിലെ ആദ്യ ട്രസ്റ്റ് അംഗങ്ങൾ ശ്രീ സി ഗോവിന്ദൻ ,വി സുധാകരൻ , ജി നാരായണപിള്ള , പി പ്രഭാകരൻ , പി എൻ ശിവരാജൻ ,പി ദാമോദരൻ പിള്ള , ആർ സുകുമാരൻ നായർ, ജനാർദ്ദനൻ നായർ കെ , മുല്ലക്കര രത്നാകരൻ (മുൻ കൃഷി മന്ത്രി ) കെ പി കരുണാകരൻ ,ആർ ഗോപാലകൃഷ്ണപിള്ള എന്നിവരായിരുന്നു . 1998 -ൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിച്ചു .

### മാനേജ്മെന്റ്

മാനേജർ : ശ്രീ ബുഹാരി എസ്

സെക്രട്ടറി : പി പ്രതാപൻ

2023 ലെ SSLC പരീക്ഷയിൽ 86 ഫുൾ A പ്ലസുകളും 100 % വിജയവും .2023 ലെ ഹയർ സെക്കണ്ടറി പരീക്ഷയിൽ 67 ഫുൾ A പ്ലസുകളുമായി പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനം

. 2023 ലെ പ്ലസ് വൺ പരീക്ഷയിൽ അഞ്ചു വിദ്യാർത്ഥികൾക്ക് 100 % മാർക്ക് .സംസ്ഥാന ശാസ്ത്രോത്സവത്തിൽ രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും ഉൾപ്പടെ പതിനാറു കുട്ടികൾക്ക് എ ഗ്രേഡ്

. കൊല്ലം ജില്ലാ ശാസ്ത്രോത്സവത്തിൽ തുടർച്ചയായി രണ്ടാം വർഷവും ഓവർ ഓൾ ചാമ്പ്യൻഷിപ്

. ചടയമംഗലം ഉപജില്ലാ കായികമേളയിൽ രണ്ടാം സ്ഥാനം .

ചടയമംഗലം ഉപജില്ലാ കലോത്സവത്തിൽ ഓവർ ഓൾ ചാമ്പ്യൻഷിപ്

. സംസ്ഥാന ശാസ്ത്രോത്സവത്തിനും കലോത്സവത്തിനും ഏറ്റവും അധികം കുട്ടികളെ പങ്കെടുപ്പിച്ച ഉപജില്ലയിലെ വിദ്യാലയം

. സംസ്ഥാന കായികോത്സവത്തിൽ തിളക്കമാർന്ന നേട്ടങ്ങൾ . ജില്ലാ വിദ്യാരംഗം കലോത്സവത്തിൽ മികച്ച വിജയവും സംസ്ഥാന തല ക്യാമ്പിൽ പ്രാതിനിത്യവും

. അക്ഷരമുറ്റം സർഗോത്സവത്തിൽ സംസ്ഥാന തലത്തിൽ പ്രാതിനിധ്യം

. സംസ്ഥാന വാർത്താപാരായണ മത്സരത്തിൽ രണ്ടാം സ്ഥാനം . വിവിധ ക്വിസ് മത്സരങ്ങളിൽ മികച്ച വിജയം

. SPC,NCC,NSS,JRC.SCOUTS & GUIDES RANGER & ROVER LITTLE KITES എന്നിവയുടെ മാതൃകപരമായ പ്രവർത്തനം

.വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ കൗണ്സിലിംഗ് ,ബോധവൽക്കരണ ക്ലാസുകൾ

# 2022-2025 LITTLE KITES UNIT














# DIGITAL PAINTING

## THANUSHA 9G



DIGITAL PAINTING

MALAVIKA S
9 G




PENCIL DRAWING

BY

MALAVIKA

9G

*

## കേരളത്തിലെ ആദ്യ എഐ സ്കൂൾ

തിരുവനന്തപുരം : കേരളത്തിലെ ആദ്യ എഐ സ്കൂൾ തിരുവനന്തപുരത്തെ പോത്തൻകോട് ശാന്തിഗിരി വിദ്യാഭവനത്തിൽ ആരംഭിച്ചു. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ആണ് ആഗസ്റ്റ് 22ന് സ്കൂൾ ഉദ്ഘാടനം ചെയ്തത്.

യു എസിലെ ഐ ലേണിങ്ങ് എൻജിൻസും വേദിക് ഇ- സ്കൂളുമായി സഹകരിച്ചാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ളതും ഗുണമേന്മയേറിയതും ആയ പഠനാവസരം ഇ-സ്കൂൾ സേവനങ്ങൾക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത്. നൂതന പഠനരീതിയാണ് എ ഐ സ്കൂളിലൂടെ ലക്ഷ്യമിടുന്നത്.

## കേരളത്തിലെ ആദ്യത്തെ എ ഐ സ്കൂളിനെ കുറിച്ച് നിങ്ങൾ അറിയേണ്ടതെല്ലാം:

സ്കൂൾ സമയം കഴിഞ്ഞും സ്കൂളിന്റെ വെബ്സൈറ്റിലൂടെ സ്കൂൾ പഠനത്തിന്റെ അനുഭവം വിദ്യാർത്ഥികൾക്ക് ഇതിലൂടെ ലഭിക്കും. 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് എ ഐ സ്കൂളിന്റെ പ്രയോജനം ആദ്യ ഘട്ടത്തിൽ ലഭ്യമാകുന്നത്.

ദിവസവും ഒരൊറ്റ മണിക്കൂർ ജോലി ചെയ്താൽ മതി; ഈ ഗ്ഗഗിൾ എഞ്ചിനീയറുടെ ശമ്പളം 1.2 കോടി;
കാരണം
മൾട്ടി ടീച്ചർ റിവിഷൻ സപ്പോർട്ട്, മൾട്ടി ലെവൽ അസസ്മെന്റ്, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് , സൈക്കോമെട്രിക്ക് കൗൺസിലിംഗ് , കരിയർ മാപ്പിംഗ് , എബിലിറ്റി എൻഹാൻസ്മെന്റ് , മെമ്മറി ടെക്നിക്ക് , കമ്യൂണിക്കേഷൻ- റൈറ്റിംഗ് സ്കിൽസ്, ഇന്റർവ്യൂ- ഗ്രൂപ്പ് ഡിസ്കഷൻ സ്കിൽസ്, ഗണിത ശാസ്ത്ര നൈപുണ്യം , ഇംഗ്ലീഷ് ഭാഷ വൈഭവം , വൈകാരിക – മാനസിക ശേഷികളുടെ വികാസം എന്നിവയ്ക്കുള്ള പരിശീലനം എ ഐ സ്കൂളിൽ നൽകും.

## പ്രകൃതിയുടെ ഗാനം

തണൽ മരങ്ങൾ നിറഞ്ഞ കാട്,
പറക്കുന്ന പക്ഷികളുടെ ഗാനം.
മഴയും നീരും ചെന്നുപോകുന്നത്,
അവയുടെ ശിലാകണ്ണും.

മഴയുടെ തിളക്കം പറക്കുന്നത്,
തണൽ മരങ്ങളുടെ പൂക്കൾ നിറഞ്ഞു.
വേരുകൾ ചിരിക്കുന്നത് ,
പ്രണയത്തിന്റ ഗാനം.

വീണ്ടും വീണ്ടും പുഷ്പങ്ങൾ
പോഴുതുന്നു,
തണൽ മരങ്ങളുടെ  കഥ പറയുന്നു.
പക്ഷികളുടെ സ്വന്തം ലോകം,
അവയുടെ കണ്ണീരും ഗാനം.

മഴയും കാറ്റും കണ്ടില്ല,
തണൽ മരങ്ങൾ വെടിഞ്ഞുപോയെന്നു.
എന്നാൽ അവ താൽപര്യം
നേടിയിരുന്നു,
മാറ്റങ്ങളുടെ ഗാനം.

– ഗൗരി കൃഷ്ണ
10 C

# പ്രതീക്ഷ

മറ്റൊരാൾ അടുത്തപ്പോൾ നീ
എന്നെ അകറ്റി......
നിന്റെ ഒരു വാക്കിന്
എന്റെ നൊമ്പരത്തെ സാന്ത്വനപ്പെടുത്താൻ
കഴിയുമായരുന്നു....!
ഒന്നിനു പകരം മറ്റൊന്നാകില്ല
എന്ന പാഠം
നീ തിരിച്ചറിയും വരെ
ഞാൻ കാത്തിരിക്കും
ആ പഴയ നിനക്കായി...!

നീയാൽ ഇന്നെൻ മനസ്സിൽ
നൊമ്പരം ആഴത്തിലാണ്ടു....
വിണ്ണിൻ മേഘങ്ങൾ പോലെ
നീ എന്നിൽ നിന്നും അകന്ന്
മറ്റൊന്നിലേക്ക് അടുത്തു !
ആര് അടുത്താലും ,അകന്നാലും
ചന്ദൻ വിണ്ണിൽ എന്നും
ഏകാന്തം എന്ന പോലെ
ഇന്ന് ഞാനും...!!

ചന്ദ്രന് തുണയേകാൻ
രാവിൽ താരകങ്ങൾ എത്തും പോലെ...
എന്നിൽ നീ എത്തുന്നത്
കാത്തിരിപ്പൂ ഞാൻ...!!

എന്നിലെ നിലാവിന് താങ്ങായി
നിന്നിലെ ചെറുപ്രകാശവുമായി
നീ എത്തും , എന്ന പ്രതീക്ഷയിൽ
ഇന്നും ഞാൻ...!!

തനുഷ.എസ്.കുമാർ
9.G

# തണൽ മരങ്ങൾ

മഴയും വേരുകളും സഹിച്ച് നിറഞ്ഞ
നിറവിൽ,
തണൽ മരങ്ങൾ നിറഞ്ഞു
മനോഹരമായി.
പകലുകളിൽ സൂര്യന്റെ തീപിടിച്ച
കിരണങ്ങൾ,
തണൽപൂർണ്ണമായ ചിത്രങ്ങൾ
പ്രദർശിപ്പിക്കുന്നു.
മനുഷ്യൻ കണ്ണീരും കൊണ്ട് അതിലേക്ക്
നിന്നും,
അദ്ദേഹം ആനന്ദമോഹിപ്പിക്കുന്നു
സന്തോഷത്തിലേക്ക്.
സൗന്ദര്യം പ്രകടമാകുന്ന
സ്ഥലമായ,
തണൽ മരങ്ങൾ നമുക്ക് അനന്ദം
നൽകുന്നു.



– ഫിദ
10 C

# ഓർമ്മകളുടെ കുടക്കീഴിൽ

നീ എന്നണിയത്തു വന്നു
ഒരു കുടക്കീഴിൽ...
മറക്കാൻ കഴിയാത്ത ഓർമകൾ നൽകി
അവസാനം ആ കുടക്കീഴിൽ
എന്നെ തനിച്ചാക്കി, നീ അകന്നു
അങ്ങകലേക്ക് മറ്റൊരു കുടക്കീഴിൽ..
നീ മറന്നാലും
നമ്മുടെ ഓർമകൾ
എന്നും  ഒരു സ്നേഹനൊമ്പരം പോലെ
ഒരു നേർത്ത വിങ്ങൽ പോലെ
ഞാൻ ഓർക്കും...എന്നും
എന്റെ മരണം വരേയും.
പുതിയ കുടക്കീഴിൽ
നീ ആനന്ദിക്കുമ്പോൾ
നമ്മുടെ പഴയ കുടക്കീഴിലെ
ഓർമകളിൽ ഞാൻ സ്വയം
ആനന്ദം കണ്ടെത്തുന്നു.




ലാവണ്യ എസ്
9G

## തൃശ്ശൂർ പൂരം

കാറ്റിൽ പറക്കുമീ പൊടികൾ
എങ്ങു നിന്നു വന്നുവോ
ആ!തൃശ്ശൂർ പൂരത്തിൻ ആഹ്ലാദത്തിൽ
പൊന്തിയതാണീ പൊടികൾ
ആനയുടേയും വാദ്യമേളങ്ങളുടേയും സുഗന്ധം
അതെങ്ങും അലയടിക്കുന്നു
ദുഖങ്ങളോട് വിടപറഞ്ഞ് സന്തോഷിയ്ക്കുമീദിവസം
മതമെന്തെന്ന് നോക്കാതെ
എല്ലാവരും ഒന്നിക്കുന്നാനാളിൽ
എന്റെയല്ല,നിന്റെയല്ല നമ്മുടെ പൂരം എന്ന സ്വരം
എവിടേയും മുഴങ്ങുന്നു
ഇത് നമ്മുടെ സ്വന്തം പൂരം
തൃശ്ശിവപേരൂർ പൂരം

# സ്വാതന്ത്ര്യം

സ്വാതന്ത്ര്യം, ഒരു അനന്തമായ ആകാശം തന്നെയാണ്. അതിന്റെ വിശാലമായ ഹൃദയം അത് പ്രകടമാക്കുന്നു. അതിന്റെ സ്വന്തം ദിവ്യത അന്വേഷണം ആണ്, മാറ്റങ്ങളുടെ സന്തുലിതത്തിന്റെ അനുഭവമാണ്. സ്വാതന്ത്ര്യം ഒരു ചുറ്റം അനുഭവമാണ് ; അതിന്റെ മഹിമ നമ്മുടെ മനസ്സിന് അനാദരണീയമാണ്.




സ്വാതന്ത്ര്യം അവകാശത്തെ നിയന്ത്രണത്തി അടിസ്ഥാനമാ അന്വേഷിക്കുന്നത് വ്യക്തികളുടെ ഷറ്റിയാണ്. അത് പൂർണ്ണമായും സ്വന്തം ൽ എന്നത് അല്ല , അതിനെ ക്കിയാലും മറ്റുള്ളവരുടെ അവകാശങ്ങൾ ആരോപിച്ച് പുലർത്തിക്കഴിയില്ല.

സ്വാതന്ത്ര്യം ആണ് വാഴ്ത്തിയിരിക്കുന്ന സാനിദ്ധ്യമാണ്. അതിന്റെ അനുഭവവും അതിന്റെ മഹിമയും നമുക്ക് സാക്ഷാത്കരിക്കാനാകും ഒരു അനന്തമായ പ്രയത്നം ആണ്.

സ്വാതന്ത്ര്യം എന്ന പദം അതിന്റെ വ്യാപാരത്തിന്റെ മനോഹരമായ ഒരു അനുഭവമാണ്. അത് നമ്മുടെ മനസ്സിലും  ഹൃദയത്തിലും പ്രതിഫലിക്കുന്നു, പക്ഷേ അത് കൈകുലികൾ കൊണ്ട് പ്രത്യക്ഷപ്പെടാൻ കഴിയില്ല. സ്വാതന്ത്ര്യത്തിന്റെ ആദർശം നമ്മുടെ ജീവിതതത്തിൽ ഒരു സ്ഥിരം അടിസ്ഥാനമാണ്.

– ശ്രീരാഗ്
10 C

# കാറ്റ്

സൂര്യന്റെ ആന്തരിക താപം
കണ്ടെത്തിയപ്പോൾ,
പൊട്ടിച്ചും വേഗത്തിൽ പ്രവഹിച്ചും
കാറ്റ് വന്നുപോയി സമുദ്രത്തിലേക്ക്.

തീവ്രമായ മഴയും തണുത്തിട്ടും
കാറ്റ് കയറികൂടിയ പരിസ്ഥിതികളിൽ
സന്ധ്യയിൽ ഒരു സഞ്ചാരിയായി.

വിശ്വാസം നിറഞ്ഞു പൊതുവേ
മനോഹരമായ
കാഴ്ചകൾ അനുഭവിക്കുന്ന കാറ്റിന്റെ
അനന്തമായ യാത്ര തുടരുന്നു.

– അർശദ്
10 C

# ഓർമയിലെ വിദ്യാലയം

ഓർമകൾ മെയ്യും
ഒരു പൊൻവിളക്കാണെൻ വിദ്യാലയം
അറിവിൻ താളമെൻ
ഉള്ളിൽ പകർത്തിയ
പൊൻവീടാണെൻ വിദ്യാലയം
കളിയും ചിരിയും കൂട്ടുകൂടുമെൻ
കളിവീടാണെൻ വിദ്യാലയം
സൗഹൃദം എന്നിൽ ഉണർത്തിയെടുത്ത
ഓരാമയാണെന്നും എൻ വിദ്യാലയം
ജാതിമതഭേതമന്യേ നാം
ഒത്തുകൂടുമെൻ വിദ്യാലയം
എന്നുമെൻ ഓർമക്കൂട്ടിൽ
മായാതെയെന്നുമെൻ വിദ്യാലയം.....

കാർത്തിക്
10E

# ഞാൻ

ഞാൻ ആരാണ് ?
അവനും ഞാനാകുന്ന
ഇവനും ഞാനാകുന്ന
ഈ ലോകത്തിൽ ലക്ഷ്യമില്ലാതെ
വാഴുന്നവരിലൊരുവനാണ് ഈ ഞാനും
അവനിയിൽ ജീവിതം
എന്തിനെന്തില്ലാതെ
തള്ളിനീക്കുന്നവരിൽ
ഒരുവനാണ് ഞാനും
നാളെ എന്തെന്നോ
ഇന്നലെ എന്തെന്നോ
ഇന്ന് ഏതെന്നോ
അറിയാതെ ജീവിക്കുന്നവരിൽ
ഒരാളാണ് ഞാനും
ഇന്നലെ വരെ ആയിരത്തിൽ
ഒരുവനായ ഞാൻ
ഇന്നറിയുന്നു
തത് ത്വം അസി
ഞാൻ എന്തിനെ തേടുന്നു
എന്താവാൻ ആഗ്രഹിക്കുന്നു
അത് ഞാനാകുന്നു.

നവനീത് വിജയ്
10E

# സൗഹൃദം

കൊഴിയുമെന്നു ഇതളുകൾ മാറി..മാറി പറഞ്ഞു
കണ്ണനീർത്തുള്ളികൾ പോലെ പിരിഞ്ഞവർ
അവളാകാല സൗഹൃദം ചിന്തിച്ചിരിക്കവേ
കറുപ്പിന്റെ ഇരുളിലെ മനസ്സിന്റെ
നോവായി പൊഴിയുന്നു സൗഹൃദം
കളിച്ചും, ചിരിച്ചും വഴക്കിട്ട കാലം
ഓർക്കുന്ന മനസ്സിനെ ഏകാകമായാൽ
ശ്രമിക്കുന്ന നാളുകളെ ഒരിക്കലും പിരിയില്ലെന്ന്
കൈകോർത്തുപറഞ്ഞ സൗഹൃദം
ഒഴുകുന്ന മൗനത്തെ
ഏകവിരലാൽ തൊട്ടുണർത്തവേ
എൻ ജീവൻ  നിലക്കും വരെ
ഒഴുകും പുഴയായ എൻ സൗഹൃദം

അലിഫ  നസീർ
9G

# നിലതെറ്റുന്ന ലോകം

ഒറ്റക്കായിരുന്നില്ല ഞാനിത്രനാൾ
സ്നേഹം പൊഴിച്ചും കുട്ടികാർക്കിടയിൽ
നിറമേറുയൊരുഷ പക്ഷിയായി
പാറിപ്പറഞ്ഞുല്ലസിച്ചു ,
സൗഹൃദത്തിൻ കരങ്ങളിൽ
ഇന്നൊരു സൗഹൃദം ഞാൻ തിരയവേ
സ്വാർത്ഥരാം കൂട്ടരിൽ കണ്ടു ഞാൻ
വെറും വ്യാജമാം ബന്ധങ്ങളെ
അവഗണനകളേറെ സഹിച്ചിതാ
സ്മരിപ്പൂ ഞാനെൻ നഷ്ടമാം ദിനങ്ങളെ-
യുവോരാ ചെറുകണം നിഷ്കളങ്കമാം
പങ്കുവച്ചിട്ടും പ്രിയമിത്രങ്ങളേയും
നാടിൻ നന്മയും ശാന്തസൗന്ദര്യവും
കുളിരേകിയിരുന്നെൻ അക്ഷികൾ
മാറുന്ന മാനവവംശത്താൽ
മാറിടു ബന്ധവും
മാറ്റിടും
വെറും ചാരമായി
വൈദ്യുതിയിൽ ദഹിച്ചിടുമൊരു
പിടി ചാരമായി

ശ്രീഹരി

# നന്ദി

ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

സ്റ്റുഡന്റ് എഡിറ്റർ